**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 934** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>റോഡ് സൗന്ദര്യവൽക്കരണത്തിനായി പദ്ധതികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ചാണ്ടി ഉമ്മൻ

ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** ഹൈവേകൾ ഉൾപ്പെടെയുള്ള സംസ്ഥാനത്തെ റോഡുകളുടെ ഇരുവശങ്ങളിലും പരിസ്ഥിതിക്കു യോജിക്കുന്ന തരത്തിലുള്ള ചെടികൾ വച്ചു പിടിപ്പിക്കുന്നതിനും സൗന്ദര്യവൽക്കരണത്തിനുമായി വകുപ്പ് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** സംസ്ഥാനത്തെ റോഡുകളുടെ ഇരുവശങ്ങളിലും പരിസ്ഥിതിക്ക് യോജിക്കുന്ന തരത്തിലുള്ള ചെടികൾ വച്ച് പിടിപ്പിക്കുന്നതിനും സൗന്ദര്യവൽക്കരണത്തിനുമായി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

കൊണ്ടോട്ടി പഴയങ്ങാടി റോഡ് സൈഡ്, ചങ്ങരംകുളം, വണ്ടൂർ എന്നീ സ്ഥലങ്ങളിൽ ടൗൺ ബ്യൂട്ടിഫിക്കേഷന്റെ ഭാഗമായി ചെടികൾ വെച്ച് പിടിപ്പിച്ചു സൗന്ദര്യവൽക്കരണം നടന്നു വരുന്നു.

ബഡ്ജറ്റ് പ്രവൃത്തി 24-25 പത്തനംതിട്ട ടൗണിന്റെ നവീകരണം എന്ന പ്രവൃത്തിയിൽ ഉൾപ്പെടുത്തി സൗന്ദര്യവൽക്കരണ പ്രവൃത്തികൾ പുരോഗമിക്കുന്നു. (ഭരണാനുമതി തുക 680 ലക്ഷം).

മറ്റു ജില്ലകളിൽ തെരഞ്ഞെടുക്കപ്പെട്ട ജംഗ്ഷനുകളിൽ സൗന്ദര്യവൽക്കരണ പ്രവൃത്തിയുടെ ഭാഗമായി ചെടികളും, മരങ്ങളും വച്ചു പിടിപ്പിച്ചിട്ടുണ്ട്.

ദേശീയപാതകളുടെ വശങ്ങളിൽ അമ്മയുടെ ഓർമ്മയ്ക്കായി വൃക്ഷങ്ങൾ നടുന്ന പദ്ധതിയാണ് "എക് പേട് മാ കേ നാം". ഈ പദ്ധതിയിയിൽ ഉൾപെടുത്തി പൊതുമരാമത്ത് ദേശീയപാതാ വിഭാഗത്തിന്റെ കീഴിലുള്ള ദേശീയപാതയുടെ വശങ്ങളിൽ സ്ഥല ലഭ്യത അനുസരിച്ച് മരങ്ങൾ നട്ടു പിടിപ്പിച്ചിട്ടുണ്ട്. പരിസ്ഥിതി സംരക്ഷണം ലക്ഷ്യമിട്ട് ഭാരത സർക്കാരിന്റെ കീഴിലുള്ള My Bharath Portal മുഖേന നടപ്പിലാക്കുന്ന ഈ പദ്ധതിയിലൂടെ ദേശീയ പാതകളിൽ ഫല വൃക്ഷങ്ങളും ഔഷധ സസ്യങ്ങളും വച്ചു പിടിപ്പിക്കുന്നു. ഹൈവെകളുടെ സൗന്ദര്യവല്ക്കരണത്തിനായി ഫണ്ട് ലഭ്യതയനുസരിച്ച് പദ്ധതികൾ തയ്യാറാക്കുകയും നടപ്പിലാക്കുകയും ചെയ്യാറുണ്ട്.

**(ബി)** എങ്കിൽ ഏത് രീതിയിലാണ് ഈ പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** റോഡു വികസനത്തിന്റെ ഭാഗമായി മുറിച്ചു മാറ്റപ്പെടുന്ന മരങ്ങൾക്കും ചെടികൾക്കും ബദലായി മരങ്ങൾ വച്ചു പിടിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** പൊതുമരാമത്ത് വിഭാഗത്തിന്റെ കീഴിൽ നിലവിൽ പ്രത്യേക പദ്ധതികൾ ഒന്നുമില്ല.

**സെക്ഷൻ ഓഫീസർ**